السنّة النبوية وعلومها
www.sunnah.global

നബി -□- ക്ക് നാൽപ്പത് വയസ്സുള്ളപ്പോൾ അവിടുത്തേക്ക് അല്ലാഹുവിന്റെ സന്ദേശം ഇറക്കപ്പെട്ടു

ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- നിവേദനം: നബി -□- ക്ക് നാൽപ്പത് വയസ്സുള്ളപ്പോൾ അവിടുത്തേക്ക് അല്ലാഹുവിന്റെ സന്ദേശം ഇറക്കപ്പെട്ടു. മക്കയിൽ പതിമൂന്ന് വർഷം കഴിച്ചു കൂട്ടിയതിന് ശേഷം അവിടുത്തോട് (മദീനയിലേക്ക്) പാലായനം ചെയ്യാൻ കൽപ്പിക്കപ്പെട്ടു . അങ്ങനെ അവിടുന്ന് മദീനയിലേക്ക് പാലായനം ചെയ്യുകയും, അവിടെ പത്തു വർഷം കഴിഞ്ഞു കൂടുകയും ചെയ്തു. അതിന് ശേഷമാണ് നബി -□- വഫാത്തായത് (മരണപ്പെട്ടത്).

[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]

ഇബ്നു അബ്ബാസ് -رَضِـــيَ اللَّـــهُ عَنْهُـمَا- പറയുന്നു: നബി -□- ക്ക് അല്ലാഹുവിൽ നിന്നുള്ള സന്ദേശമായ അവന്റെ വഹ്‌യ് അവതരിക്കപ്പെട്ടതും അവിടുന്ന് നബിയായി നിയോഗിക്കപ്പെട്ടതും നാൽപ്പതാമത്തെ വയസ്സിലായിരുന്നു. പിന്നീട് മക്കയിൽ പതിമൂന്ന് വർഷക്കാലം അവിടുന്ന് ജീവിച്ചു . ശേഷം മദീനയിലേക്ക് ഹിജ്റ (പാലായനം) ചെയ്യാൻ അവിടുത്തോട് കൽപ്പിക്കപ്പെട്ടത് പ്രകാരം അവിടുന്ന് മദീനയിലേക്ക് പോവുകയും, അവിടെ പത്തു വർഷം ജീവിക്കുകയും ചെയ്തു. അതിന് ശേഷം -അറുപത്തി മൂന്ന് വയസ്സുള്ളപ്പോൾ- നബി -□- മരണപ്പെടുകയും ചെയ്തു.

https://sunnah.global/hadeeth/ml/show/65050

النجاة الخيرية
ALNAJAT CHARITY
لجنة الدعوة الإلكترونية
EDC E-Da'wah Committee